# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 919 28.04.2017-ൽ മറുപടിക്ക്

### ഹയർ സെക്കൻഡറി അധ്യാപകരുടെ പോലീസ് വെരിഫിക്കേഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എൻ. ഷംസുദ്ദീൻ | പ്രൊഫ.സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സർക്കാർ സർവ്വീസിലെ വിവിധ വകുപ്പുകളിൽ നിന്നും പ്രൊബേഷൻ പൂർത്തിയാക്കിയ ശേഷം വിട്ടുതൽ ചെയ്ത് ഹയർ സെക്കൻഡറി വകുപ്പിൽ അധ്യാപകരായി ജോലിയിൽ പ്രവേശിക്കുന്നവർക്ക് പുതിയ തസ്തികയിൽ വീണ്ടും പോലീസ് വെരിഫിക്കേഷൻ നടത്തണം എന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ ഇങ്ങനെയുള്ളവർക്ക് പോലീസ് വെരിഫിക്കേഷൻ ഒഴിവാക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ; | (എ) നിർദ്ദേശം നല്കിയിട്ടില്ല. |
| (ബി) ഇത് സംബന്ധിച്ചുള്ള നിരവധി ഫയലുകൾ വർഷങ്ങളായി ഹയർ സെക്കൻഡറി ഡയറക്ടറേറ്റിൽ കെട്ടിക്കിടക്കുന്നതിനാൽ അധ്യാപകർക്ക് വാർഷിക ഇൻക്രിമെന്റ് ലഭിക്കാത്ത സാഹചര്യം നിലനിൽക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന് അടിയന്തര പരിഹാര നടപടി സ്വീകരിക്കുമോ? | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല എന്നാൽ സർക്കാർ സർവ്വീസിലെ വിവിധ വകുപ്പുകളിൽ നിന്നും റെഗുലറൈസ് ചെയ്യാതെ വിട്ടുതൽ ചെയ്ത് 14.12.2010 തീയതിയ്ക്കു ശേഷം ഹയർ സെക്കന്ററി വകുപ്പിൽ പി.എസ്.സി വഴി നിയമനം ലഭിച്ചവർക്ക് പി.എസ്.സി വെരിഫിക്കേഷനും അതോടൊപ്പം പോലീസ് വെരിഫിക്കേഷനും കഴിഞ്ഞതിനു ശേഷമേ റെഗുലറൈസ് ചെയ്യാറുള്ളൂ. പ്രസ്തുത അധ്യാപകരുടെ വെരിഫിക്കേഷൻ അതാത് ജില്ലയിലെ പോലീസ് മേധാവികൾക്ക് അയച്ചു നൽകുന്നുണ്ട്. പി.എസ്.സി വെരിഫിക്കേഷൻ നടത്തുന്നതിനാവശ്യമായ രേഖകൾ യഥാസമയം പി.എസ്.സിയ്ക്കും നൽകിവരുന്നുണ്ട്. പി.എസ്.സിയുടെ വെരിഫിക്കേഷൻ കഴിഞ്ഞ് പോലീസ് വെരിഫിക്കേഷൻ റിപ്പോർട്ട് ഉൾപ്പെടെ ലഭിക്കുന്ന അപേക്ഷകളിൽ കാലതാമസം കൂടാതെ റെഗുലറൈസേഷനും പ്രൊബേഷനും പൂർത്തികരിച്ചു നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.